"ഭരണഭാഷ മാതൃഭാഷ"

DWCD/2340/2025-D1

വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി : 05-12-2025
ഇമെയിൽ : directorate.wcd@kerala.gov.in
ഫോൺ നമ്പർ: 0471-2346534

## പരിപത്രം

വിഷയം :- വനിത ശിശു വികസന വകുപ്പ് ഡയറക്ടറേറ്റ് - കരാർ വാഹനം പരമാവധി ഉപയോഗപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന :- 1) വനിത ശിശു വികസന ഡയറക്ടറുടെ 22.04.2025 ലെ DWCD/3306/2023-D1 നമ്പരായുള്ള ഉത്തരവ്
2) വനിത ശിശു വികസന ഡയറക്ടറുടെ 16.08.2025 –ലെ ഇതേ നമ്പരായുള്ള സർക്കുലർ.

ഔദ്യോഗിക വാഹനമില്ലാത്ത ശിശു വികസന പദ്ധതി കാര്യാലയങ്ങളിൽ വെറ്റ്ലീസ് വ്യവസ്ഥയിൽ പ്രതിമാസം 1500 കി. മീറ്ററിന് 35000/- രൂപ നിരക്കിലും, ഡ്രൈലീസ് വ്യവസ്ഥയിൽ പ്രതിമാസം 1500 കി. മീറ്ററിന് 28000/- രൂപ നിരക്കിലും കരാർ വാഹനം ടെണ്ടർ മുഖേന വാടകയ്ക്കെടുക്കുന്നതിന് സൂചന (1) പ്രകാരം ഉത്തരവായിട്ടുണ്ട്. കരാറടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (2) ലെ സർക്കുലർ പ്രകാരവും നൽകിയിരുന്നു. ആയതിന് പുറമേ ചുവടെ വിവരിക്കുന്നത് പ്രകാരം അധിക നിർദ്ദേശം നൽകുന്നു.

സംയോജിത ശിശു വികസന പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും, ഉപഭോക്താക്കൾക്ക് ലഭിക്കേണ്ട സേവനം വിലയിരുത്തുന്നതിനും കൃത്യമായ അങ്കണവാടി സന്ദർശനം അത്യന്താപേക്ഷിതമാണ്. ആയതിനാൽ അങ്കണവാടി പ്രവർത്തനം നിരന്തരം വീക്ഷിക്കുന്നതിന്റെ ഭാഗമായി അനുവദിച്ചിരിക്കുന്ന ഔദ്യോഗിക വാഹനം ഉപയോഗിച്ച് ശിശു വികസന പദ്ധതി ഓഫീസർ മാർ അങ്കണവാടി സന്ദർശനം കൃത്യമായി നടത്തേണ്ടതാണ്. ഇത്തരത്തിലുള്ള പതിവ് സന്ദർശനത്തിന് പുറമേ ICDS സൂപ്പർവൈസർമാരോടൊപ്പം കമ്പൈണ്ട് അങ്കണവാടി സന്ദർശനവും നടത്തേണ്ടതാണ്. കൂടാതെ ICDS സൂപ്പർവൈസർമാരുടെ അങ്കണവാടി സന്ദർശനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കൂടി കരാർ വാഹനം സൂപ്പർവൈസർമാർക്ക് ശിശു വികസന പദ്ധതി ഓഫീസറുടെ അനുമതിക്ക് വിധേയമായി ഉപയോഗിക്കാവുന്നതാണ്. ഇത്തരത്തിൽ സൂചന (1) ലെ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള 1500 കി.മീറ്റർ ദൂരം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർ

പകർപ്പ് :
എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും